(ബി) അങ്ങനെയുള്ള ഫീസ് മടക്കിക്കിട്ടണമെന്നു ആവശ്യപ്പെടുകയും അതിനുവേണ്ടി നടപടി നടത്തി മടക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇനിയും എന്തെങ്കിലും തുക മടക്കിക്കൊടുക്കുവാൻ ഉണ്ടെങ്കിൽ മടക്കിക്കൊടുക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

കടിൽവ്യവസായം.

*403. [31] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ–കൊച്ചിയിലെ കടിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ കേന്ദ്രഗവണ്മെൻറിൽനിന്നും ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നതിനു ഡവലപ്പുമെൻറ് കമ്മീഷണറന്മാരുടെ കാൺഫറൻസിൽ തീരുമാനിച്ചിട്ടുള്ളതായി ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ജായിൻറ് ഡയറക്ടർ എന്ന ഔദ്യോഗിക സ്ഥാനപ്പേരുള്ള ഒരു ഉദ്യോഗസ്ഥനെ കടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി എല്ലാ സ്റ്റേറ്റുകളിലും നിയമിക്കുന്നതിനു സിംലായിൽ വച്ചു കൂടിയ ഡെവലപ്പുമെൻറ് ആഫീസറന്മാരുടെ കാൺഫറൻസിൽ തീരുമാനം എടുത്തിട്ടുണ്ട്. അതനുസരിച്ചു് ഒരാളെ നിയമിച്ചിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കൊ : അതാരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മി. ചാക്കോ.

പെരിയാർ ജലം സംബന്ധിച്ചു കരാർ.

*404. [32] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ–കൊച്ചിയിലെ നദീജലസമ്പത്തിനെപ്പറ്റി (പെരിയാർജലം) മദ്രാസ് ഗവണ്മെൻറുമായി ഈ ഗവണ്മെൻറ് എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ?

Mr. SPEAKER: Question No. 32 has already been answered.

ശ്രീ. എ. താണുപിള്ള : സർ, ഒരു ഇൻഫർമേഷൻ അറിയാനുണ്ടു് ഈയിടെ മദ്രാസ് മന്ത്രിമാർ സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഒരു കോടി രൂപാ തിരുവിതാംകൂർ–കൊച്ചിയിലെ ജലം മദ്രാസ് പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതു സംബന്ധിച്ചു് അനുവദിച്ചിട്ടുണ്ടെന്നും പ്ലാനിംഗ കമ്മിഷനു് ഇതു സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനു നിർദ്ദേശം നൽകികിയിട്ടുണ്ടു് എന്നും പത്രങ്ങളിൽ വായിച്ചു. അതു് എതെല്ലാം സ്കീമുകളാണെന്നും മറ്റുമുള്ളതിനെക്കുറിച്ചു് ഉള്ള വിവരങ്ങൾ ഈ സഭയിൽ നൽകിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ . അതു ഞാനും വായിച്ചു. നമ്മുടെ നാട്ടിലെ നദീജലം മദ്രാസ് ഗവണ്മെൻറ് ഉപയോഗിക്കുന്നതിനെപ്പറ്റി ഈ ഗവണ്മെൻറിനു് നേരിട്ടു് അറിവു് ഒന്നുമില്ല. എന്നാൽ മദ്രാസിൽനിന്നും ഉത്ഭവിച്ചു് നമ്മുടെ സംസ്ഥാനത്തുകൂടി ഒഴുകുന്ന നദീജലം ഇറിഗേഷൻ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നതിനു ഈ ഗവണ്മെൻറിന്റെ അനുവാദം ആവശ്യപ്പെട്ടുകൊണ്ടു മദ്രാസ് ഗവണ്മെൻറിൽനിന്നും ഒരെഴുത്തു വന്നിട്ടുണ്ടു്. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള : ഇങ്ങനെയുള്ള വിവരങ്ങൾ മന്ത്രിമാർ പറഞ്ഞതായും അല്ലാതായും പത്രങ്ങളിൽ വന്നിരിക്കുന്ന സ്ഥിതിക്കു് നമ്മുടെ നാട്ടിനകത്തുള്ള വെള്ളം മദ്രാസ് ആവശ്യത്തിനു് ഉപയോഗിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്ലാനിംഗ് കമ്മീഷനും മദ്രാസ് ഗവണ്മെൻറും നടപടി നടത്തിത്തുടങ്ങുന്നതിനു മുൻപു് വിവരങ്ങളെല്ലാം സെൻട്രൽ ഗവണ്മെൻറിനോടും പ്ലാനിംഗ് കമ്മീഷനോടും എഴുതിച്ചോദിച്ചു മനസ്സിലാക്കണമെന്നു മാത്രമല്ല സെൻട്രൽ ഗവണ്മെൻറ് ഇതിനെ സംബന്ധിച്ചു ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ പിന്നെ അതിൽനിന്നും അവരെ പിൻതിരിപ്പിക്കുന്നതിനു സാദ്ധ്യമല്ലാത്തതുകൊണ്ടു് നേരത്തെ നമ്മുടെ ഗവണ്മെൻറിന്റെ നില അവരെ അറിയിക്കുവാൻ തയ്യാറാകണമെന്നു് അഭിപ്രായമുണ്ടു്. ഞങ്ങളുടെ സമ്മതം കൂടാതെ ഒരു തീരുമാനവും എടുക്കരുതെന്നു് സെൻട്രൽ ഗവണ്മെൻറിനെ അറിയിക്കേണ്ടതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ അഭിപ്രായം ഞാൻ സ്വീകരിക്കുന്നു. ഇപ്രകാരം ഒന്നു നടന്നിട്ടുണ്ടു്. അതിനെപ്പറ്റി ഒരു സ്റ്റേറ്റുമെൻറ് പുറപ്പെടുവിക്കുവാൻ ഗവണ്മെൻറ് ഒരുക്കമാണു്.

ശ്രീ. എ. താണുപിള്ള : സർ, ഇതു അതിപ്രധാനമായ ഒരു വിഷയമായതുകൊണ്ടു് ഈ നിയമസഭയുടെ പിൻതുണയോടുകൂടിയാണു് ഈ ഗവണ്മെൻറ് ഒരു നിലപാടു് എടുക്കുന്നതു് എന്നു് അവരെ മനസ്സിലാക്കുന്നതിനായി ഇതിൽ ഒരു നടപടി എടുത്തുതുടങ്ങുന്നതിനു മുൻപു് അതു് ഈ സഭയുടെ ചർച്ചയ്ക്കു് വെയ്ക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ അഭിപ്രായവും ഞാൻ സ്വീകരിക്കുന്നുണ്ടു്.

ശ്രീ. കെ. കരുണാകരൻ : ഈ ഗവണ്മെൻറിന്റെ സമ്മതമില്ലാതെ ഒന്നും ചെയ്യുകയില്ലെന്നു് മദ്രാസ് മന്ത്രിമാർ പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ പ്രസ്താവന ഉൾക്കൊള്ളുന്ന റിപ്പോർട്ടിന്റെ തലക്കെട്ടു് ഒന്നും ഉള്ളടക്കം വേറൊന്നും ആണു്. അവ തമ്മിൽ അല്പം വ്യത്യാസം ഉണ്ടു്. മന്ത്രി പറഞ്ഞിരിക്കുന്നതു് ഈ ഗവണ്മെൻറിന്റെ സമ്മതം കിട്ടിയിട്ടില്ലെന്നാണു്.

ശ്രീ. എ. താണുപിള്ള : കാബിനറ്റ് കൺസൻറ് കിട്ടിയിട്ടുണ്ടെന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ സമ്മതിക്കാം. ശ്രീമാൻ താണുപിള്ളയുടെ നിർദ്ദേശത്തെ ഞാൻ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഈ കാര്യത്തെ സംബന്ധിച്ച് ഈ ഗവണ്മെൻറിന്റെ അനുവാദം കിട്ടാനായി ശ്രമിച്ചിട്ടുണ്ടെന്നു കോയമ്പത്തൂർ വച്ചു മദ്രാസിലെ മന്ത്രി ശ്രീ. സുബ്രഹ്മണ്യം ചെയ്ത പ്രസ്താവന വായിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിൽ കൊടുത്തിരിക്കുന്ന വിവരങ്ങളും ഇങ്ങോട്ടയച്ച എഴുത്തും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. എങ്കിലും തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് ഈ കാര്യത്തിൽ യാതൊരു സമ്മതവും കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ആ പത്രത്തിൽ ഈ ഗവണ്മെൻറിന്റെ കപാളിഫൈഡ് സപ്പോർട്ട് ഉണ്ടെന്നു പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ഇതു രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടിമാത്രം പറയുന്നതാണ്. ഈ പത്രത്തിൽ പറയുന്നതു്

"The Madras Government, it is officially gathered have got 'qualified consent' of Travancore-Cochin Government for going ahead with the investigation of Parambikulam scheme.....,"

ആ കപാളിഫൈഡ് സപ്പോർട്ട് ആഫ് ഗവണ്മെൻറ് എന്നു പറയുന്നതു ഉപേക്ഷിക്കണമെന്നാണു എനിക്കു പറയാനുള്ളതു്. ഒരു കാരണം കൂടി വ്യക്തമാക്കാനുണ്ട്. മദ്രാസു് ഗവണ്മെൻറ് ഈ ഗവണ്മെൻറിനോടു പെരിയാർ വാട്ടറിനെ സംബന്ധിച്ചു യോജിച്ചുള്ള യാതൊരു കരാറും ചെയ്യുന്നതിനു അവർക്കു് സമ്മതമില്ല. അവർക്കു ഡിപ്പെൻറ് ചെയ്യാൻ ഒക്കുകയില്ല, അവരുടെ പരിചയത്തിനു വിപരീതമാണു് എന്നു അറിയിച്ചിട്ടില്ലേ. ഇതിനുമുമ്പു് അവർ യോജിച്ചു നടത്താമെന്നു പറഞ്ഞിട്ടുള്ള കാര്യമല്ലേ അതു്. അക്കാര്യങ്ങൾകൂടി ഞാൻ അറിയിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ : ഈ പത്രത്തിൽ വായിച്ചതു് സ്പെഷ്യൽ കറസ്പോണ്ടൻറിന്റെ അഭിപ്രായമാണു്. അതിനടിയിലായി മന്ത്രി പറഞ്ഞതായ അഭിപ്രായങ്ങളും ചേർത്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. സർ, ഇതൊരു പ്രധാനകാര്യമായതുകൊണ്ടു് ഞാനും ആ ഭാഗം വായിച്ചു. ഈ പറമ്പിക്കുളം നദിയെപ്പറ്റി പറയുകയാണെങ്കിൽ, അതു് മദ്രാസു് സ്റ്റേറ്റിൽ നിന്നും ഉത്ഭവിക്കുന്ന ഒരു നദിയാണു്. അതു് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽകൂടി ഒഴുകുന്നതുകൊണ്ടു് അവർ ആരംഭിക്കുവാൻപോകുന്ന ഒരു പ്രോജക്ടിനു് തിരുവിതാംകൂർ–കൊച്ചിയുടെ അനുവാദം ആവശ്യമാണെന്നു കരുതിയതിനാൽ അവർ അനുവാദത്തിനായി ഈ ഗവണ്മെൻറിനെ എഴുതി അറിയിച്ചു. അതേപ്പറ്റി മദ്രാസു് മന്ത്രി ശ്രീ. സുബ്രഹ്മണ്യം ചെയ്ത സ്റ്റേറ്റ്മെൻറ് കഴിഞ്ഞ ഒക്ടോബർ 12–ാംതീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ വന്നിട്ടുണ്ടു്. അതു് ഞാൻ വായിക്കാം:

"Mr. Subramaniam said investigation was going on in respect of the Parambikulam scheme which did not involve

LIBRARY ARCHIVES Kerala Legislative Assembly

diversion of waters belonging to Travancore-Cochin but only diversion of waters belonging to the Madras State now flowing west from the Solayar and Parambikulam rivers.

.....The main dam would have to be located two miles inside Travancore border for which the permission of the Travancore-Cochin Government would be necessary. The Travancore-Cochin Government had been addressed in this regard, and the matter was under their consideration."

അതാണ് സർ, വാസ്തവം. ഈ പറമ്പിക്കുളം എന്ന നദി മദ്രാസ് സ്റ്റേറ്റിൽ ഉത്ഭവിച്ച് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽക്കൂടി ഒഴുകുന്ന ഒരു നദിയാണ്. ആ നദിയിൽ ഒരു പ്രോജക്ട് തുടങ്ങിയാൽക്കൊള്ളാമെന്ന് പറഞ്ഞിട്ടുണ്ട്. അതേ സംബന്ധിച്ച് അവർ ഇൻവസ്റ്റിഗേഷൻ നടത്തുന്നുണ്ട്. അതിനു് അനുവാദത്തിനുവേണ്ടി ഈ ഗവണ്മെൻറിനു എഴുതിഅയച്ചിരിക്കുന്നു.

ശ്രീ. ഏ. താണുപിള്ള: ആ നദിയുടെ ഏതെങ്കിലും ഭാഗം മദ്രാസിൽക്കൂടി ഒഴുകുന്നുണ്ടെങ്കിൽ അവിടെവച്ച് അവർക്ക് തോന്നുന്നതുപോലെ പ്രവർത്തിക്കാനുള്ള അവകാശം ഉണ്ട്. അതിനു നമ്മുടെ സമ്മതം അവർ ആവശ്യപ്പെടുകയില്ല എന്നാണ് ഞാൻ പറയുന്നതു്. അതു് അവർക്കുവേണ്ടി ചെയ്യാൻ തുടങ്ങുന്നതിനു മുമ്പ് അവർ ഇങ്ങനെയുള്ള ഒരു അനുവാദത്തിനു് എഴുതുകയില്ലെന്നുള്ളതിനു് മുമ്പുള്ള ഒരു ഇടപാടിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനുമുമ്പ് മി. താണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ നടത്തിയ ഇടപാടുകളിൽനിന്നും മനസ്സിലാക്കിയതല്ലേ?

ശ്രീ. ഏ. താണുപിള്ള: ഇടപാട് അന്നു നടന്നതാണെങ്കിൽത്തന്നെയും അതിൽപ്പിന്നീടാണ് മനസ്സിലാക്കാൻ കഴിഞ്ഞതു്. അവർക്ക് നേരത്തേ വെള്ളം കൊടുത്തുകഴിഞ്ഞിട്ടുണ്ടായിരുന്നു. പിന്നീടു് ആ വെള്ളത്തിൽനിന്നും ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുവാൻവേണ്ടി ചോദിച്ചപ്പോൾ അതങ്ങനെ ഉപേക്ഷിക്കുവാൻ നിവർത്തിയില്ലാതെവന്നു. അതവർ പറഞ്ഞ ഒരു കാര്യമാണല്ലൊ എന്നു കരുതി മറ്റൊരു കരാർ ചെയ്തു. അതുപോലെ ഇതിനു് അവരെ സമ്മതിക്കരുതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഒന്നുകൂടി പറയുവാണ്ടു്. അതായതു് ഈ സ്റ്റേറ്റിലെ വെള്ളം അവർക്കു് കൊടുക്കണമെന്നു പറയുന്നതൊന്നും ഈ ഗവണ്മെൻറ് അനുവദിക്കാൻപോകുന്നില്ല. നമ്മുടെ നദീജലത്തെപ്പറ്റി ഇതുവരെ രണ്ടു് ഇടപാടുകൾ മാത്രമേ ഉണ്ടായിട്ടുള്ളു. ഏകദേശം നൂറുകൊല്ലം മുൻപു് പെരിയാർ ജലം ഇറിഗേഷൻ പർപ്പസിനായി മദ്രാസുമായി ഒരു ഇടപാടിൽ ഏർപ്പെട്ടു. രണ്ടാമതായി 1954–ൽ ഈ വെള്ളത്തിൽനിന്നു് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുവാൻ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് മദ്രാസു് ഗവണ്മെൻറിനു് അനുവാദം നൽകി. ഈ രണ്ടു കാര്യങ്ങളല്ലാതെ ഒന്നും ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല. ഇതുസംബന്ധിച്ചു് പരിഭ്രമിക്കേണ്ട ആവശ്യമൊന്നുമില്ല. മി. സുബ്രഹ്മണ്യം കോയമ്പത്തൂർവച്ചു ചെയ്ത പ്രസ്താവനയെ സംബന്ധിച്ചു് പറയാനുള്ളതു്, അവർക്ക് അവരുടെ രാജ്യത്തുനിന്നും ഉത്ഭവിച്ചു് തിരുവ

LIBRARY ARCHIVES Kerala Legislative Assembly

താംക്കൂർ-കൊച്ചിയിൽക്കൂടി ഒഴുകുന്ന നദിയിൽ ഒരു പ്രോജക്ററ് നടത്താൻവേണ്ടി അവർക്ക് ഈ ഗവണ്മെൻറിന്റെ സമ്മതത്തിനായി ഇങ്ങോട്ട് എഴുതിയിട്ടുണ്ട് എന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ആ നദിയിൽ നമ്മുടെ സ്റ്റേറ്റിൽ ഒരു ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ററ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അതു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

WRITTEN ANSWERS.

Sitaram Spinning & Weaving Mills, Trichur.

* 405. [33] SHRI P. V. AVIRA THARAKAN: Will the Minister for Industries be pleased to state:

(*a*) the production in the Sitaram Spinning & Weaving Mills, Trichur, in May 1954 and May 1955;

(*b*) the number of workers in the said Mill in May 1954 and May 1955; and

(*c*) the reason for the stopping of the Mill on 28-5-1955 for some time in the day time?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(*a*) The cloth produced during May 1954 was 9,75,531 yards with 39·9 picks and the production during May 1955 was 10,02,289 yards with 43 picks.

(*b*) The average number of workers in May 1954 was 1909 and in May 1955 was 1849.

(*c*) There was no stoppage of work on 28-5-1955. But at the request of the Sitaram Textile Labour Congress representing the majority of workers, those who desired to take part in the flag hoisting ceremony, in connection with the 19th Session of the All India General Council of the I. N. T. U. C. held at Trichur, were given leave to attend the same

State Co-operative Bank.

* 406 [34] SHRI P. V. AVIRA THARAKAN: Will the Minister for Finance be pleased to state:

(*a*) is there a State Co-operative Bank functioning in our State;

(*b*) if so, when was it started;

(*c*) what is the aim of the Bank and the paid-up capital of the Bank;

LIBRARY ARCHIVES Kerala Legislative Assembly